"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ്- ജീവനക്കാര്യം - കോർപ്പറേഷൻ മുനിസിപ്പാലിറ്റി പരിധിയിലുള്ള കൃഷി ഭവനുകളിലെ കൃഷി അസിസ്റ്റന്റ് തസ്തികകൾ പുനഃക്രമീകരിച്ച ഉത്തരവിന്മേൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

കൃഷി (ഇഎ) വകുപ്പ്

സ.ഉ.(അച്ചടി) നം.15/2023/AGRI തീയതി,തിരുവനന്തപുരം, 19-08-2023

---

പരാമർശം:- 1. സ.ഉ.(അച്ചടി) നം 6/2023/കൃഷി തീയതി 20/06/2023

2. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 06/07/2023 ലെ ADFW/11697/2022-SE2 നമ്പർ കത്ത്

<u>ഉത്തരവ്</u>

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ വിജ്ഞാന വ്യാപനം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി കോർപ്പറേഷൻ മുനിസിപ്പാലിറ്റി പരിധിയിലുള്ള കൃഷി ഭവനുകളിലെ കൃഷി അസിസ്റ്റന്റ് തസ്തികകൾ പുനഃക്രമീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം ഭേദഗതികൾ നിർദ്ദേശിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോർപ്പറേഷൻ മുനിസിപ്പാലിറ്റി പരിധിയിലുള്ള കൃഷി ഭവനുകളിലെ കൃഷി അസിസ്റ്റന്റ് തസ്തികകൾ പുനഃക്രമീകരിച്ച ഉത്തരവിൽ ചുവടെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

i) കൃഷി ഭവനിൽ നിന്നും ഒരു കൃഷി അസിസ്റ്റന്റ് തസ്തികമാറ്റുമ്പോൾ ഒരു കൃഷി അസിസ്റ്റന്റ് മാറേണ്ടി വരും. ഈ സാഹചര്യത്തിൽ സർവീസ് ജൂനിയറിനെ പരിഗണിക്കേണ്ടതാണ്.

ii) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റി കൃഷി ഭവനിലേക്ക് തിരുവനന്തപുരം ജില്ലയിലെ കരകുളം കൃഷി ഭവനിൽ നിന്ന് ഒരു കൃഷി അസിസ്റ്റന്റ് തസ്തിക പുനഃക്രമീകരിച്ചത് ഒഴിവാക്കി പകരം പാറോട്ടുകോണം പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനിൽ 2 തസ്തികകൾ ഉള്ളതിൽ നിന്ന് ഒരു തസ്തിക നെടുമങ്ങാട് മുനിസിപ്പാലിറ്റി കൃഷി ഭവനിലേക്കു പുനഃക്രമീകരണം നടത്തുന്നു.

iii) പരാമർശം (1) ഉത്തരവിലെ Appendix I ൽ കാസറഗോഡ് ജില്ലയിലെ പുനഃക്രമീകരണം നടത്തുന്ന മുനിസിപ്പാലിറ്റികളുടെ പട്ടികയിൽ കാസറഗോഡ് മുനിസിപ്പാലിറ്റി കൂടി ഉൾപ്പെടുത്തിയും കാസറഗോഡ് മുനിസിപ്പാലിറ്റി കൃഷി ഭവനിലേക്ക് തൃക്കരിപ്പൂർ കൃഷി ഭവനിൽ നിന്നും ഒരു കൃഷി അസിസ്റ്റന്റ് തസ്തിക പുനഃക്രമീകരണം നടത്തുന്നു.

iii) പരാമർശം (1) ഉത്തരവിലെ Appendix II ൽ തിരുവനന്തപുരം കോർപറേഷൻ തദ്ദേശ സ്വയംഭരണ പ്രദേശത്തിനകത്തുള്ള കൃഷിഭവനുകൾക്കു കോർപറേഷൻ കൃഷിഭവൻ പരിധിയിൽ വരുന്ന കൂടുതൽ വാർഡുകളുടെ ചുമതല നൽകി കൊണ്ടുള്ള പുനഃക്രമീകരണ പട്ടികയിലെ വട്ടിയൂർക്കാവ് കൃഷിഭവനിൽ വട്ടിയൂർക്കാവ്, കാഞ്ഞിരംപാറ എന്നീ ഡിവിഷനുകൾ കൂട്ടിച്ചേർത്തും (പുനഃക്രമീകരണത്തോടെ വട്ടിയൂർക്കാവ് കൃഷി ഭവനിൽ 9 ഡിവിഷനുകൾ)

നിലവിൽ ടി കൃഷിഭവനോട് കൂട്ടിച്ചേർത്തിരുന്ന പാങ്ങോട് വാർഡ് തിരുവനന്തപുരം മുനിസിപ്പാലിറ്റി കൃഷി ഭവനോട് കൂട്ടിച്ചേർത്തും പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

3) പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ് സാബിർ ഹുസൈൻ**

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (AGRI-EA2/129/2022-AGRI)